# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

## പ്രവചന കാലയളവ് 13.01.2024 മുതൽ 17.01.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 02/2024, (04) വെള്ളിയാഴ്ച്ച | തീയ്യതി 12/01/2024 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 06 മുതൽ 2024 ജനുവരി 12 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ജനുവരി 13 മുതൽ ജനുവരി 17 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 06/01 | 07/01 | 08/01 | 09/01 | 10/01 | 11/01 | 12/01 | തീയ്യതി | 13/01 | 14/01 | 15/01 | 16/01 | 17/01 |
| 27.8 | 0.0 | 0.0 | 0.0 | 2.3 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0 | 0 | 0 | 0 | 0 |
| 31.5 | 32.7 | 32.2 | 32.4 | 30.5 | 31.7 | 32.4 | ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| 23.6 | 24.5 | 24.5 | 24.8 | 25.6 | 25.1 | 25.2 | കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| Partially cloudy | Partially cloudy | Cloudy | Cloudy | Cloudy | Partially cloudy | Partially cloudy | AM Cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy |
| Cloudy | Partially cloudy | Cloudy | Cloudy | Cloudy | Partially cloudy | | PM | | | | | |
| 85 | 79 | 72 | 80 | 67 | 66 | 64 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| 55 | 63 | 60 | 90 | 50 | 48 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| 3.4 | 4.6 | 5.0 | 9.2 | 12.0 | 12.1 | 11.1 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| NNE | NNE | NNE | ENE | NNE | NNE | N | AM SW | ENE | E | WNW | WNW | SW |
| NNE | NNE | ENE | ESE | SE | ESE | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 30.1 | 124.1 | 124.1 |

കാലാവസ്ഥാ അറിയിപ്പ്: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാനും സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| വാഴ | ബോറോൺ അഭാവം | വരണ്ട കാലാവസ്ഥയിൽ മണ്ണിൽ ബോറോണിന്റെ അഭാവം കാണുന്നതിനാൽ വാഴയിൽ ഒരു ഗ്രാം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക . |
| കുരുമുളക് | പൊള്ളു രോഗം | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. കൂടാതെ കാർബൻഡാസിം, മാങ്കൊസെബും ഒരു ഗ്രാം എന്ന തോതിൽ കലർത്തി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:-. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ അതീവ ജാഗ്രത പുലർത്തുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക .(CAADECCS KVASU, Mannuthy)